ഉത്തരം

(എ) 2-3-2015 വരെ 1,06,63,049 സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് വിതരണംചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ റവന്യൂ വകുപ്പിലെ 24 സർട്ടിഫിക്കറ്റ് സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന നല്കി വരുന്നത്. ഇതുവരെയായി 1,20,19,862 അപേക്ഷകൾ ലഭിച്ചതിൽ 1,06,63,049 സർട്ടിഫിക്കറ്റുകൾ നല്കിയിട്ടുണ്ട്.

(സി) ആർ.ടി.ഐ. സേവനം വിപുലീകരിക്കൽ, പബ്ലിക് ഗ്രീവൻസസ്, റവന്യൂ കോർട്ട് കേസ്സ് തുടങ്ങിയ സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

ഐ. ടി. മേഖല

304 (653) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. കമ്പനികളിൽ നിന്നും ഈ സർക്കാരിന്റെ കാലത്ത് ഒഴിവാക്കപ്പെട്ടവരെ സംബന്ധിച്ച് സ്ഥിതി വിവരകണക്കുകൾ ലഭ്യമാക്കാമോ ;

(ബി) എത്ര ഐ.ടി. കമ്പനികൾ ഈ കാലയളവിൽ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട് ;

(സി) തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കാലിക്കറ്റ് സൈബർ പാർക്ക് എന്നിവിടങ്ങളിൽ നിലവിൽ എത്ര ഐ.ടി കമ്പനികൾ പ്രവർത്തിക്കുന്നുണ്ട് ; ഐ.ടി. മേഖലയിൽ മൊത്തം എത്ര പേർ ഇപ്പോൾ തൊഴിൽ ചെയ്യുന്നു ;

(ഡി) ധാരാളം തൊഴിൽ നൽകാൻ കഴിയുന്ന ഐ.ടി. മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വിനിയോഗിക്കപ്പെടാതെ കിടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കമ്പനികളിലെ ജീവനക്കാരുടെ നിയമനം, ഒഴിവാക്കൽ എന്നിവ സംബന്ധിച്ചുള്ള വ്യക്തമായ കണക്കുകൾ കമ്പനികൾ നൽകാറില്ല.

(ബി) ടെക്നോപാർക്കിൽ 57 കമ്പനികളും ഇൻഫോ പാർക്കിൽ 4 കമ്പനികളും കെ.എസ്.ഐ.ടി.ഐ. എല്ലിൽ ഒരു കമ്പനിയും പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടെക്നോപാർക്കിൽ 357 കമ്പനികളിലായി 47055 പേരും ഇൻഫോ പാർക്കിൽ 220 കമ്പനികളിൽ 24000 ത്തോളം പേരും സൈബർ പാർക്കിൽ നാലു കമ്പനികളിലായി 60 പേരും കെ.എസ്.ഐ.ടി.ഐ. എല്ലിൽ 3 കമ്പനികളിലായി 150-ഓളം പേരും ജോലി നോക്കി വരുന്നു.

(ഡി) ഉണ്ട്.

അക്ഷയ കേന്ദ്രങ്ങൾ

305 (654) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ, കല്ലുവാതുക്കൽ, പൂതക്കുളം, ആദിച്ചനല്ലൂർ, പൂയപ്പള്ളി, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗരസഭയിലുമായി ആകെ എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുവെന്നും, ആയത് ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണെന്നും അറിയിക്കുമോ ;

(ബി) ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ/നഗരസഭയുടെ പരിധിയിൽ എത്ര അക്ഷയ കേന്ദ്രങ്ങൾക്ക് വരെ അനുമതി നൽകാറുണ്ട് ; ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഒരു അക്ഷയ കേന്ദ്രം മാത്രമേ ഉള്ളുവെങ്കിൽ ജനങ്ങളുടെ സൗകര്യം പരിഗണിച്ച് കൂടുതൽ എണ്ണത്തിന് അനുമതി നൽകുവാൻ സന്നദ്ധമാകുമോ ;

(സി) പുതുതായി അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിലേക്ക് എന്തൊക്കെ നടപടി ക്രമങ്ങളാണുള്ളത് ; അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും, അപേക്ഷ യോടൊപ്പം നൽകേണ്ട രേഖകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ചാത്തന്നൂരിൽ -1, കല്ലുവാതുക്കലിൽ - 2, പൂതക്കുളത്ത്-2, ആദിച്ചനെല്ലൂരിൽ -2, പൂയപ്പള്ളിയിൽ-1, ചിറക്കരയിൽ-1, പരവൂർ നഗര സഭയിൽ -2 എന്ന കണക്കിൽ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ പൂയപ്പള്ളിയിലെ ഒരു ലൊക്കേഷനിലേക്കും, പരവൂർ നഗര സഭയിലെ 3 ലൊക്കേഷനിലേക്കും അക്ഷയ സംരംഭകരുടെ തെരഞ്ഞെടുപ്പ് പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ ലിസ്റ്റ് അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly